# അങ്ങേയ്ക്കു സ്തുതി! Laudato Si’

## An overview of the Encyclical by Pope Francis on Ecology

## പരിസ്ഥിതിയെ സംബന്ധിച്ച പാപ്പാ ഫ്രാൻസിസിന്റെ ചാക്രികലേഖനം - ഒരവലോകനം

(Lingua : Malayalam)

# അങ്ങേയ്ക്കു സ്തുതി! Laudato Si’

പരിസ്ഥിതിയെ സംബന്ധിച്ച പാപ്പാ ഫ്രാൻസിസിന്റെ ചാക്രിക ലേഖനം - ഒരവലോകനം

## ആമുഖം : ഒരുമിച്ച് ഒരവലോകനം

ഏതു തരത്തിലുള്ളൊരു ലോകമാണ് നാം വരും തലമുറയ്ക്ക് കൈമാറുവാൻ പോകുന്നത്? (160). ഈ ചോദ്യംതന്നെയാണ് Laudato Si’ ‘അങ്ങേയ്ക്കു സ്തുതി!’ എന്ന പരിസ്ഥിതിയുടെ പൊതുസംരക്ഷണം സംബന്ധിച്ച പാപ്പാ ഫ്രാൻസിസിന്റെ ചാക്രിക ലേഖനത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നത്. എന്നാൽ ഈ പ്രശ്നം ലോകത്തിന്റെ പരിസ്ഥിതിയെക്കുറിച്ചു മാത്രമുള്ള ഭാഗികമായ പ്രശ്നമല്ല, മറിച്ച് അത് ജീവതത്തിന്റെ അർത്ഥം, മൂല്യം എന്നിവയെയും സ്പർശിക്കുന്നുണ്ടെന്നാണ് പാപ്പാ ഫ്രാൻസിസ് പ്രസ്താവിക്കുന്നത്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം എന്താണ്? നമ്മുടെ അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും അർത്ഥമെന്താണ്? ഭൂമിക്ക് നമ്മെ ആവശ്യമുണ്ടോ?

ഈ അടിസ്ഥാന ചോദ്യങ്ങൾ നാം ഉന്നയിച്ചില്ലെങ്കിൽ പാരിസ്ഥിതികമായ നമ്മുടെ ആശങ്കകൾക്ക് പ്രസക്തിയുണ്ടാവില്ലെന്ന് പാപ്പാ പ്രസ്താവിക്കുന്നു. അസ്സീസിയിലെ സിദ്ധന്റെ സൃഷ്ടിയുടെ ഗീതത്തിൽനിന്നും (Canticle of the Earth) പ്രചോദനം ഉൾക്കൊണ്ടാണ് ചാക്രിക ലേഖനത്തിന് ‘അങ്ങേയ്ക്ക് സ്തുതി!’ Laudato Si’ എന്ന ശീർഷകം നല്കിയിരിക്കുന്നത്.

അങ്ങേയ്ക്ക് സ്തുതി! ദൈവമേ...! (Laudato Si’, Mi Signore!) എന്ന വിശുദ്ധ ഫ്രാൻസിസിന്റെ സൃഷ്ടിയുടെ ഗീതത്തിൽ ഭൂമിയെ മനുഷ്യകുലത്തിന്റെ പൊതുഭവനം എന്നാണ് വിശേഷിപ്പിക്കുന്നത്. കൂടെ പാർക്കുന്ന സഹോദരിയും, ഓമനിച്ച് ആശ്ലേഷിക്കുന്ന സ്നേഹമുള്ള അമ്മയും പോലെയാണ് ഭൂമിയെന്ന് സിദ്ധൻ തന്റെ വിശ്വത്തര പ്രാർത്ഥനയിൽ ചൂണ്ടിക്കാട്ടുന്നു (1). മനുഷ്യൻ പൂഴിയാണ് (ഉല്പത്തി 2, 7), ഭൂമിയിലെ ധാതുക്കൾകൊണ്ടാണ് മനുഷ്യശരീരം രൂപപ്പെടുത്തിയിരിക്കുന്നത്. അതിലെ വായുവാണ് നാം ശ്വസിച്ചു ജീവിക്കുന്നത്, പിന്നെ അതിലെ ജലം ജീവന്റെ പാനീയവുമാണ്.

ഇന്ന് ഏറെ മലീമസമാക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തിട്ടുള്ള ഭൂമിയമ്മ കേഴുകയും ലോകത്തുള്ള പാവങ്ങളും പരിത്യക്തരുമായവരുടെ കൂട്ടത്തിൽ ഉൾപ്പെടുകയാണ്. അതിനാൽ നമ്മെ വ്യക്തികളെയും കുടുംബങ്ങളെയും ദേശീയ പ്രാദേശിക സമൂഹങ്ങളെയും അന്താരാഷ്ട്ര സമൂഹത്തെയും പാരിസ്ഥിതികമായ മാനസാന്തരത്തിനായി പാപ്പാ ഫ്രാൻസിസ് ക്ഷണിക്കുകയാണ്. വിശുദ്ധ ജോൺ പോൾ രണ്ടമൻ പാപ്പായുടെ വാക്കുകളിൽ, മനുഷ്യന്റെ പൊതുഭവനമായ ഭൂമിയുടെ സുസ്ഥിതിക്കും ഭദ്രതയ്ക്കുമായി സമർപ്പിച്ചുകൊണ്ട് അതിന്റെ മനോഹാരിത സംരക്ഷിക്കത്തക്കവിധത്തിൽ ജീവിതരീതിയിൽ മാറ്റം വരുത്തണമെന്ന് പാപ്പാ അഭ്യർത്ഥിക്കുന്നു. പരിസ്ഥിതി സംരക്ഷണവും, പ്രകൃതി പരിപാലനവും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന്, എന്നാൽ നമ്മുടെ ഭൂമിക്ക് സംഭവിക്കുന്നതിനെക്കുറിച്ച് വേദനാപൂർണ്ണവും ആത്മാർത്ഥവുമായ കരുതൽ ഉണ്ടായിരിക്കണമെന്ന് പാപ്പാ പ്രത്യേകം അനുസ്മരിപ്പിക്കുന്നു (19).

എന്നിരുന്നാലും ഭൂമിയെ സംരക്ഷിക്കുവാൻ ഒരുമിച്ചു പരിശ്രമിക്കുവാനുള്ള കുരുത്തും കഴിവും, ഇനിയും മനുഷ്യനുണ്ട് എന്ന വ്യക്തമായ സന്ദേശവും പൂർണ്ണമായ പ്രത്യാശയുമാണ് പാപ്പായുടെ ചാക്രിക ലേഖനം തരുന്നത് (13), ക്രിയാത്മകമായി ഇടപെടാനുള്ള കരുത്ത് മനുഷ്യന്റേതാണ് (58), എല്ലാം നഷ്ടമായിട്ടില്ല, മാത്രമല്ല അധഃപതനത്തിന്റെ ആഗാധ ഗർത്തത്തിൽനിന്നും തിരികെ വരുവാനും, തെറ്റുകൾ തിരുത്തുവാനും, നന്മവളർത്തുവാനും നവോന്മേഷം പ്രാപിക്കുവാനുമുള്ള കരുത്ത് മനുഷ്യനുണ്ട് (205). ക്രൈസ്തവർക്ക് സൃഷ്ടിയോടും പ്രകൃതിയോടുമുള്ള ഉത്തരവാദിത്വം

അവരുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ പ്രബോധനം ചാക്രിക ലേഖനത്തിന്റെ അഞ്ചാം അദ്ധ്യായം വിസ്തരിക്കുന്നുണ്ട് (64). പാരിസ്ഥിതികമായ ഇന്നിന്റെ പ്രശ്നങ്ങളുമായി സംവദിക്കുവാനും പരിഹാരമാർഗ്ഗങ്ങൾ തേടുവാനും പ്രബോധനത്തിന്റെ ഈ ഭാഗം ഉപയോഗപ്രദമാണ് (3).

ഈ മേഖലയിൽ ഇതര സഭകളും ക്രിസ്ത്യൻ സമൂഹങ്ങളും, മറ്റു മതങ്ങൾപോലും കാണിക്കുന്ന ശുഷ്ക്കാന്തി പാപ്പാ പ്രബോധനത്തിൽ ശ്ലാഘിക്കുന്നുണ്ട് (7). അതുപോലെ ഈ പ്രസ്ഥാനത്തിനായി സമർപ്പിതരായിരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും സംഘനകളുമായി പാരിസ്ഥിതിക സുസ്ഥിതിയുടെ എല്ലാ പ്രായോക്താക്കൾക്കും പാപ്പാ നന്ദിയർപ്പിക്കുന്നു. സഭയുടെ പ്രബോധനങ്ങളെ പിൻതുണയ്ക്കത്തക്ക വിധത്തിൽ സഹകരിക്കുന്ന ശാസ്ത്രജ്ഞന്മാരെയും താത്വികരെയും ദൈവശാസ്ത്ര പണ്ഡിതന്മാരെയും സാമൂഹ്യ പ്രവർത്തകരെയും ചാക്രിക ലേഖനം അനുസ്മരിക്കുന്നുണ്ട്. കാരണം സമഗ്രമായ പാരിസ്ഥിതിക പുരോഗതക്കും മനുഷ്യകുലത്തിന്റെ സമ്പൂർണ്ണ വികസനത്തിനും ഇവരുടെയെല്ലാം വിലപ്പെട്ട സംഭവനകൾ അനിവാര്യമാണ് (62).

ചാക്രികലേഖത്തിന്റെ പ്രതിപാദ്യശൈലി 15-ാമത്തെ ഖണ്ഡത്തിൽ രേഖപ്പെടുത്തുകയും തുടർന്നുള്ള ആറ് അദ്ധ്യായങ്ങൾ അത് വിവരിച്ചു തരികയും ചെയ്യുന്നു. പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് നിലവിലുള്ള ശാസ്ത്രീയമായ അറിവുകളുടെ വെളിച്ചത്തിലും, ബൈബിളിന്റെയും യഹൂദ-ക്രൈസ്തവ സംസ്ക്കാരങ്ങളുടെ പശ്ചാത്തലത്തിലും മനസ്സിലാക്കിക്കൊണ്ടാണ് ആരംഭിക്കുന്നത് (അദ്ധ്യ. 2), പിന്നെ പ്രശ്നങ്ങളുടെ അടിവേരു കണ്ടെത്തിയശേഷം (അദ്ധ്യ.3) അമിതമായ സാങ്കേതികാധിപത്യത്തിലേയ്ക്ക് എപ്രകാരം ഇന്ന് മനുഷ്യൻ പിൻവലിയുന്നുവെന്ന് വിവരിക്കുന്നു. ജീവിത പരിസരങ്ങളിൽനിന്ന് അവിഭക്തനായ മനുഷ്യനെയും അവന്റെ സാമൂഹ്യതലങ്ങളെയും (137) മനസ്സിലാക്കുന്ന 'സമഗ്രമായൊരു പരിസ്ഥിതി'യാണ് ചാക്രികലേഖനം നിർദ്ധേശിക്കുന്നത് (അദ്ധ്യ.4). ഈ ഒരു കാഴ്ചപ്പാടിലാണ് പാപ്പാ ഫ്രാൻസിസ് ജീവിതത്തിന്റെ സമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ തലങ്ങളെക്കുറിച്ചുള്ള (അദ്ധ്യ. 5), മനഃസാക്ഷിയിൽ കേന്ദ്രീകൃതവും രൂപീകൃതവുമായ, സത്യസന്ധവും സുതാര്യവും ഉത്തരവാദിത്വപൂർണ്ണവുമായ പാരിസ്ഥിതിക സംവാദം നടത്തുന്നതിന് പരിശ്രമിക്കുന്നത് (അദ്ധ്യ.6). കൂടാതെ ഈ മേഖലയിൽ നിർദ്ദേശിക്കുന്ന ആശയങ്ങൾ വൈജ്ഞാനികവും, ആദ്ധ്യാത്മികവും, ദൈവശാസ്ത്രപരവും ആയിരിക്കണമെന്നും പാപ്പാ ഫ്രാൻസിസ് നിഷ്ക്കർഷിക്കുന്നു. ഈ ഭാഗം അവസാനിക്കുന്നത് രണ്ടു പ്രാർത്ഥനകളോടെയാണ്, പിതാവും സ്രഷ്ടാവുമായ ദൈവത്തിൽ വിശ്വസിക്കുന്ന സകലരുമായും, ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുന്നവരുമായും ഈ ആശയം പങ്കുവയ്ക്കുവാനുമുള്ള ... പ്രാർത്ഥനയോടെയാണ് ചാക്രിക ലേഖനം തുടങ്ങുന്നതും സമാപിക്കുന്നതും.

ആമുഖം അവസാനിക്കുന്നത് പ്രതിപാദ്യ വിഷയത്തിന്റെ വിലപ്പെട്ടതും വൈവിധ്യമാർന്നതുമായ ചിന്തകളോടെയാണ്: ഭൂമിയിലെ പാവങ്ങളും എളിയവരുമായുള്ള ബന്ധം, ഈ പ്രപഞ്ചത്തിലെ സകലം ബന്ധപ്പെട്ടിരിക്കുന്നു, സാങ്കേതികതയുടെ അധിനിവേശത്തോടും നവമായ അധികാര പ്രമത്തതയ്ക്കെതിരുമായ വിമർശനം, സമ്പത്തിനെയും വികസനത്തെയും വ്യത്യസ്തമായി മനസ്സിലാക്കുവാനുള്ള കരുത്ത്, സൃഷ്ടിയുടെ മാഹാത്മ്യം, പരിസ്ഥിതിയുടെ മാനുഷികമായ കാഴ്ചപ്പാട്, പുതിയ ജീവിതശൈലിയെയും വലിച്ചെറിയൽ സംസ്ക്കാരത്തെയും വിമർശിക്കുവാനുള്ള ഗൗരവപൂർവ്വമായ ഉത്തരവാദിത്വം (16).

ഒന്നാം അദ്ധ്യായം

## ഭൂമിയിൽ എന്താണ് സംഭവിക്കുന്നത്

സമകാലീന ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ പശ്ചാത്തലത്തിൽ പരിസ്ഥിതിയെ വിലയിരുത്തുകയും, സൃഷ്ടിയുടെ കരച്ചിൽ കേൾക്കുകയും ചെയ്യുന്നു. പാരിസ്ഥിതികമായ മനുഷ്യന്റെ യാതനകൾ ഇല്ലാതാക്കവാൻ എന്തു ചെയ്യുവാനാകുമെന്ന ചോദ്യം ഉന്നയിക്കുന്നു.

**കാലാവസ്ഥ വ്യതിയാനം**

പാരിസ്ഥിതികമായ എല്ലാ പ്രത്യാഘാതങ്ങളും വെല്ലുവിളികളും ഉയർത്തുന്ന ആഗോളപ്രതിഭാസവും പ്രശ്നവുമാണിത്. അത് സാമൂഹ്യവും സാമ്പത്തികവുമായ മേഖലകളെ എന്നപോലെതന്നെ മനുഷ്യന്റെ ഇതര ജീവിത മേഖലകളെയും ബാധിക്കുന്നതിനാൽ മനുഷ്യകുലത്തിൻറെ ഇന്നിന്റെ വലിയ വെല്ലുവിളിയാണിത് (25). ഇതിന്റെ വിപരീതാത്മക ഫലം ഏറ്റവും അധികം അനുഭവിക്കുന്നത് പാവങ്ങളാണ്. എന്നാൽ പ്രകൃതിയുടെ ഉഭയസാദ്ധ്യതകളെ ഒതുക്കിവയയ്ക്കുകയും സാമ്പത്തിക രാഷ്ട്രീയ മേഖലകളലിലൂടെ അവയെ നിയന്ത്രിക്കുകയും ചെയ്യുന്നവർ പ്രശ്നങ്ങളെ അവഗണിക്കുകയോ മറച്ചുവയ്ക്കുകയുമാണ് ചെയ്യുന്നത് (26).

ഈ സാമൂഹ്യ ചുറ്റുപാടിനോടും നമ്മുടെ സഹോദരങ്ങളോടും വിശിഷ്യാ പാവങ്ങളോടും കാണിക്കുന്ന അവഗണന ഏതൊരു സമൂഹത്തെയും നാശത്തിലാഴ്ത്താവുന്ന സമൂഹ്യ ഉത്തരവാദിത്വമില്ലായ്മയാണ് (25).

**ജലദൗർലഭ്യം**

കുടിവെള്ളം അടിസ്ഥാന മനുഷ്യാവകാശമാണെന്നും, അടിസ്ഥാനപരമായും മനുഷ്യകുലത്തിന്റെ നിലനില്പിനും മനുഷ്യരുടെ സഹവർത്തിത്വത്തിനും അനിവാര്യമായ അവകാശമാണതെന്നും പാപ്പാ വ്യക്തമായി പ്രസ്താവിക്കുന്നു. അതുപോലെ പാവങ്ങളായവർക്ക് ജലം നിഷേധിക്കുന്നത് ജീവൻ നിഷേധിക്കുന്നതിന് തുല്യമാണെന്നും, അത് മനുഷ്യന്തസ്സിൽ അധിഷ്ഠിതമാണെന്നും പാപ്പാ സമർത്ഥിക്കുന്നു (30).

**ജൈവവൈവിധ്യം**

ഭൂമുഖത്തുനിന്നും അനുവർഷം സസ്യജാലങ്ങളുടെയും ജന്തുക്കളുടെയും ആയിരക്കണക്കിന് ഇനങ്ങളാണ് അപ്രത്യക്ഷമാകുന്നത്. വരും തലമുറയ്ക്ക് അവയൊന്നു കാണുവാനോ, മനസ്സിലാക്കുവാനോ സാധിക്കുമെന്നു തോന്നുന്നില്ല (33). അവ സംരക്ഷിക്കപ്പെടേണ്ടതാണ്. കാരണം അവ ഭൂമിയുടെ മതിപ്പുള്ള ഉഭയസാധ്യതകളാണ്. സാമ്പത്തിക്ക നേട്ടത്തിന്റെയും, ഉപഭോഗ സംസ്ക്കാരത്തിന്റെയും ഭാഗമായി മനുഷ്യൻ സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് വംശനാശത്തിന്റെ പാതയിൽ നമ്മുടെ ഭൂമിയുടെ സമൃദ്ധിയെയും മനോഹാരിതയെയും നശിപ്പിക്കുന്നതെന്ന് മനസ്സിലാക്കേണ്ടതാണ്. എന്നാൽ സൃഷ്ടിയുടെ പരിചരണത്തിന്റെ പാതിയിൽ മനുഷ്യനിർമ്മിതമായ പ്രശ്നങ്ങൾ പരിഹരിച്ച് ഭൂമിയെ സംരക്ഷിക്കുന്ന ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും പരിശ്രമങ്ങൾ ആദരണീയമാണ് (34).

**പാരിസ്ഥിതിക ബാധ്യത**

അന്തർദേശിയ ബന്ധങ്ങളുടെ ധാർമ്മിക ക്രമത്തിൽ, പ്രത്യേകിച്ച് ഉത്തര-ദക്ഷിണധ്രുവങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ പാരിസ്ഥിതികമായ ബാധ്യതയും കടപ്പാടും മനുഷ്യനുണ്ടെന്ന് ചാക്രികലേഖനം ചൂണ്ടിക്കാട്ടുന്നു (51). കാലാവസ്ഥാ വ്യതിയാനത്തിന്റെ വെളിച്ചത്തിൽ വർദ്ധിച്ചതും

വൈവിധ്യാമാർന്നതുമായ ഉത്തരവാദിത്വങ്ങളാണ് നമുക്കുള്ളത്, വിശിഷ്യാ വികസിത രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ മാറ്റാരെയുംകാൾ ഇന്ന് അധികമായിരിക്കും.

ഈ വിഷയങ്ങളിലുള്ള വൈരുദ്ധ്യങ്ങൾ പരിഗണിക്കുമ്പോൾ, ലോകത്തുണ്ടുകുന്ന സമകാലീന പ്രതിസന്ധികളുടെ വെളിച്ചത്തിൽ ബലഹീനരോടും പീഡിതരോടും പരിത്യക്തരായ ജനങ്ങളോടും പൊതുവെ സമൂഹം കാണിക്കുന്ന പ്രതികരണം നിഷേധാത്മകമാണെന്നും മനസ്സിലാക്കി പാപ്പാ ഫ്രാൻസിസ് ആകുലപ്പെടുന്നുണ്ട്. ക്രിയാത്മകമായ പ്രതികരണങ്ങൾ ഇല്ലെന്നു മാത്രമല്ല, (58) ഏറെ നിസംഗഭാവവും, ഉത്തരവാദിത്വമില്ലായ്മയുമാണ് പൊതുവെ നിരീക്ഷിക്കപ്പെടുന്നത് (59) എന്നാൽ ഈ മേഖലയിൽ പരിസ്ഥിതിതെ സംരക്ഷിക്കുന്നതിന് ഏറെ അടിയന്തിരമായ ക്രമീകരണ-നിയന്ത്രണ സംവിധാനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ് (53).

### രണ്ടാം അദ്ധ്യായം

## സൃഷ്ടിയുടെ സുവിശേഷം

മുൻഅദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ള പാരിസ്ഥിതികമായ പ്രതിസന്ധികളെ നേരിടുന്നതിന് പാപ്പാ ഫ്രാൻസിസ് വിശുദ്ധ ഗ്രന്ഥത്തിലെ സംഭവങ്ങളുടെയും ക്രൈസ്തവ-യഹൂദ പാരമ്പര്യങ്ങളെയും സമഗ്രമായി പ്രതിപാദിക്കുകയും, പരിസ്ഥിതി സംരക്ഷണത്തിൽ മനുഷ്യർക്ക് പ്രപഞ്ചത്തോടുള്ള വലിയ ഉത്തരവാദിത്വത്തെക്കുറിച്ച് പരാമർശിക്കുകയും ചെയ്യുന്നു. (90). സൃഷ്ടിയും മനുഷ്യനും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നും, പരിസ്ഥിതി മാനവകുലത്തിന്റെ പൊതുവായ പൈതൃകമാണ്, അതിനാൽ സകലരും അതിന്റെ പരിരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുമാണ് (95). വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നതുപോലെ, ഈ പ്രപഞ്ചത്തെ സ്വതന്ത്രമാക്കുകയും, രക്ഷിക്കുകയും ചെയ്ത ദൈവംതന്നെയാണ് അതിനെ സൃഷ്ടിച്ചത്..... അവിടുന്നിൽ ശക്തിയും സ്നേഹവും സമന്വയിക്കപ്പെട്ടിരിക്കുന്നു (73).

മനുഷ്യർ പരസ്പരവും മറ്റു സൃഷ്ടവസ്തുക്കളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സൃഷ്ടിയുടെ കഥയ്ക്ക് കേന്ദ്രസ്ഥാനവും പ്രാമുഖ്യവുമുണ്ട്. അതിനാൽ മനുഷ്യന്റെ തിന്മയും അതിക്രമങ്ങളും സൃഷ്ടിയുടെ സമഗ്രതയെ നശിപ്പിക്കുകയും ചെയ്യുന്നു: മറ്റു ബൈബിൾ കഥകൾ പറയുന്നതുപോലെ ഈ ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുന്നത് ബാഹ്യമായി മാത്രമല്ല ആന്തരികമായും ദൈവവുമായുമുള്ള ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുന്നു. ഈ മുറിപ്പെടലിനു കാരണം പാപമാണ് (66). അതിനാൽ ക്രൈസ്തവർ തന്നെ, സൃഷ്ടവസ്തുക്കൾ ദൈവത്തിന്റെ പ്രതിച്ഛായയിൽ നിർമ്മിച്ചവ ആകയാലും, സൃഷ്ടിയെ കീഴടക്കി ജീവിക്കുവാനുമുള്ള അധികാരം മനുഷ്യനുണ്ടെന്ന്, ബൈബിൾ പഠിപ്പിക്കുന്നുവെന്നത് തെറ്റായ വ്യാഖ്യാനമാണ്, മനുഷ്യന് സൃഷ്ടിയുടെമേൽ പരിപൂർണ്ണ ആധിപത്യം ഉണ്ട് എന്നുമുള്ള ധാരണ ചിലപ്പോഴെങ്കിലും മനുഷ്യമനസ്സുകളിൽ മുന്തിനില്ക്കാറുമുണ്ട് (67). എന്നാൽ ഭൂമിയാകുന്ന ഈ പൂന്തോട്ടത്തെ സൂക്ഷിച്ചു പാലിക്കുവാനുള്ള ഉത്തരവാദിത്വം മനുഷ്യന്റേതാണ്. മറ്റു ജീവജാലങ്ങളുടെ പരമമായ ലക്ഷ്യം മനുഷ്യനല്ല എന്നും മനസ്സിലാക്കണം, എന്നാൽ നമ്മോടൊത്തും, നമ്മിലൂടെയും ദൈവമാകുന്ന പരമായ ലക്ഷ്യത്തിലേയ്ക്ക് ഭൂമിയിലെ സകലതും ചരിക്കേണ്ടതുമാണ് (83).

മനുഷ്യൻ ഭൂമിയുടെ നാഥനല്ല എന്ന ചിന്ത അവനെ മറ്റു ജീവജാലങ്ങൾക്കു തുല്യനാക്കുകയോ, സൃഷ്ടിയിലുള്ള അവന്റെ മാത്രം അന്യൂനമായ സ്ഥാനം നഷ്ടമാക്കുകയോ ചെയ്യുന്നില്ല, അതുപോലെ ദൈവഭാവമുള്ളതോ, ദൈവതുല്യമോ ആക്കുന്നില്ല. ഇങ്ങിനെയൊരു മനോഭാവം സ്രഷ്ടാവായ ദൈവത്തോടു സഹകരിച്ചു ഭൂമിയുടെ ലോലതയെ സംരക്ഷിക്കുവാനുള്ള മനുഷ്യന്റെ വിളിയെയും ഉത്തരവാദിത്വത്തെയും ലഘൂകരിക്കുവാൻ ഇടയുണ്ട് (90).

ഇക്കാരണത്താൽ സൃഷ്ടവസ്തുക്കളോടും ജീവികളോടും കാണിക്കുന്ന ഏതൊരു തരത്തിലുള്ള ക്രൂരതയും മനുഷ്യാന്തസ്സിനു വിരുദ്ധമാണ് (92), എന്നിരുന്നാലും, നമ്മുടെ ഉള്ളിന്റെ ഉള്ളിൽ കരുണ്യത്തിന്റെ സഹാനുഭാവത്തിന്റെയും ലോലമായ മനോഭാവം ഇല്ലെങ്കിൽ പ്രകൃതിയോട് യഥാർത്ഥമായ ഐക്യദാർഢ്യം ആർജ്ജിക്കുവാൻ സാദ്ധ്യമല്ല (91). പ്രാപഞ്ചിക കൂട്ടായ്മയുടെ മനോഭാവം നമുക്ക് ആവശ്യമാണ്: അതായത് നാമെല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. അദൃശ്യമായ ചില കണ്ണികളാൽ ഈ പ്രപഞ്ചത്തിലെ സകലതും വിശുദ്ധിയിലും സ്നേഹത്തിലും പരസ്പര ആദരവിലും ഒരു കുടുംബം പോലെയാണ് (89).

ക്രിസ്തീയ വെളിപാടിന്റെ കാതലായ സന്ദേശത്തോടെയാണ് അദ്ധ്യായം അവസാനിക്കുന്നത്: മനുഷ്യരോടൊത്തു വസിച്ച ക്രിസ്തു ഈ ലോകത്തോടുള്ള പ്രകടവും പ്രത്യക്ഷവുമായ സ്നേഹത്താൽ, മഹത്വത്തോടെ ഉത്ഥാനം ചെയ്യുകയും, അവിടുത്തെ സാർവ്വലൗകികമായ ആധിപത്യാത്താൽ അവിടുന്ന് ഈ വിശ്വം മുഴുവൻ നിറഞ്ഞുനില്കുകയും ചെയ്യുന്നു.

### മൂന്നാം അദ്ധ്യായം

## പാരിസ്ഥിതിക പ്രശ്നങ്ങളുടെ മാനുഷിക മൂലം

മൂന്നാം അദ്ധ്യായത്തിൽ സമകാലീന ലോകത്തെ പ്രശ്നങ്ങളാണ് കൈകാര്യം ചെയ്യുന്നത് - പാരിസ്ഥിതിക പ്രശ്നങ്ങളുടെ ലക്ഷണങ്ങൾ പഠിക്കുകയല്ല, തത്വശാസ്ത്രത്തിന്റെയും ഇതര മാനവിക ശാസ്ത്രങ്ങളുടെയും ഗഹനവും വിവിധങ്ങളായ കാരണങ്ങളുടെ വെളിച്ചത്തിലുള്ളൊരു സംവാദമാണ്.

മുഖവുരയായി സാങ്കേതികതയെക്കുറിച്ചുള്ള ധ്യാനമാണ്. മനുഷ്യന്റെ ജീവിത പരിസരങ്ങളെ മെച്ചപ്പെടുത്തുന്നതിൽ വിവരസാങ്കേതികത നല്കിയിട്ടുള്ള വലിയ സംഭവനകളെ നന്ദിയോടെ ഓർക്കുന്നു. എങ്ങനെ ആയിരുന്നാലും, അത് അറിവുള്ളവർക്ക് വിശിഷ്യാ അതിന്റെ സാമ്പത്തിക ഉഭയസാദ്ധ്യതകൾ ഉപയോഗിക്കുന്നതിനും, മാനവകുലത്തിന്മേലും ലോകം മുഴുവിലും വളരെ ശക്തമായ ആധിപത്യം വളർത്തുന്നുണ്ട് (104). പ്രകൃതിവിനാശത്തിനും ജനങ്ങളുടെ ചൂഷണത്തിനും, വിശിഷ്യ വളരെ പാവങ്ങളായവരുടെ ചൂഷണത്തിന് കാരണമാകുന്നത്, സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഹന്തയാണ്. അതുപോലെ സാങ്കേതിക മികവ് സാമ്പത്തിക വ്യസ്ഥിതിയെയും രാഷ്ട്രീയ ജീവിതത്തെയും ഏറെ കീഴടക്കിക്കൊണ്ട് (109) സമഗ്രമായ മാനവപുരോഗതിയോ സാമൂഹ്യ ഉൾച്ചേരലോ (inclusion) സ്വമേധയാ ഉറപ്പുവരുത്തുവാൻ കമ്പോളത്തിന് ആവില്ലെന്നും മനസ്സിലാക്കിത്തരുന്നു (109).

അമിതമായ മനുഷ്യകേന്ദ്രീകൃതമായ വളർച്ചയും പുരോഗതിയുമാണ് ആധുനികതയുടെ സവിശേഷത (116): ലോകാവസ്ഥയെ പരിഗണിച്ചുകൊണ്ട് അതിന്റെ സുസ്ഥിതിയുടെ പശ്ചാത്തലത്തിൽ മനുഷ്യർ ഒരിക്കലും അവരുടെ ശരിയായ സ്ഥാനം കാണുന്നില്ല, എന്നാൽ അവരെയും അവരുടെ നേട്ടങ്ങളെയും അവരുടെ ശക്തിയെയും മാത്രം ആശ്രയിച്ചു ജീവിക്കുന്നു. ഇതൊരു 'ഉപയോഗിച്ചു കഴിഞ്ഞ് വലിച്ചെറിയുന്ന' രീതിയും സംസ്ക്കാരവും സൃഷ്ടിക്കുന്നു. ഇത് എല്ലാത്തരം പാരിസ്ഥികതികവും മാനുഷികവുമായ ധൂർത്തിനെയും ന്യായീകരിക്കുന്ന യുക്തിയാണ്. മനുഷ്യനെയും പ്രകൃതിയെയും വെറും വസ്തുക്കളായി മാത്രം കാണുകയും, ആധിപത്യത്തിന്റെയും (സർവ്വാധീശത്തിന്റെയും) ബൃഹത്തായ സാമ്രാജ്യം സൃഷ്ടിക്കാമെന്ന മോഹം വളർത്തുകയും ചെയ്യുന്നു.

കുട്ടികളുടെ പീഡനം, വയോജനങ്ങളുടെ തിരസ്ക്കരണം, അടിമത്വം, മനുഷ്യക്കടത്ത്, മാതാപിതാക്കളുടെ സ്വാർത്ഥമായ തിരഞ്ഞെടുപ്പിന് ഇണങ്ങാത്ത അജാതശിശുക്കളുടെ തിരസ്ക്കരണം, കുരുതിപ്പണം, വംശനാശത്തോളമെത്തിയ മൃഗങ്ങളുടെ വേട്ട, കമ്പോളത്തിന്റെ കഴിവില്ലുള്ള അമിത

വിശ്വാസം, എന്നിങ്ങനെയുള്ള മനഃസ്ഥിതി മനുഷ്യനെ തിന്മയിലേയ്ക്കു നയിക്കുന്നു. മനുഷ്യാവയവങ്ങളുടെയും, മയക്കുമരുന്നിന്റെയും കടത്തിൽ വ്യാപൃതമായിരിക്കുന്ന ധാരാളം അധോലോക സംഘങ്ങളുടെ മനഃസ്ഥിതിയും ഇതുതന്നെയാണ് വെളിപ്പെടുത്തുന്നത് (123).

ഈ വെളിച്ചത്തിൽ പാപ്പാ ഫ്രാൻസിസിന്റെ ചാക്രികലേഖനം ലോകത്തുള്ള രണ്ടു പ്രധാനപ്പെട്ട പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. എറ്റവും ആദ്യം തൊഴിൽ : പരിസ്ഥിതിയോട് സമഗ്രമായൊരു നിലപാട് കൈക്കൊള്ളുന്നതും, എന്നാൽ അതിൽനിന്നും മനുഷ്യനെ ഒഴിവാക്കാത്തതും നിർവചിതവുമായ പദ്ധതി തൊഴിലിന്റെ മൂല്യം പരിഗണിക്കുന്നതാണ്. കാരണം ഹ്രസ്വകാല സാമ്പത്തിക നേട്ടം കൊയ്തെടുക്കന്നതും മനുഷ്യരെ അവഗണിക്കുന്നതുമായ സംവിധാനം തീർച്ചയായും സമൂഹത്തിന് ദോഷകരമാണ് (128).

രണ്ടാമത്തെ പ്രശ്നം, ജന്മത്തിൽ ക്രമപ്പെടുത്തുന്ന ജീവനെ സംബന്ധിക്കുന്നതും (Genetically Modified Organisms) അവയുടെ പരിമിതമായ ശാസ്ത്രീയ പുരോഗതിയെക്കുറിച്ചുമുള്ള വസ്തുതയാണ്. ഇത് ഏറെ സങ്കീർണ്ണമായ പാരിസ്ഥിതിക പ്രശ്നവുമാണ് (135). ചിലസ്ഥലങ്ങളിൽ അവയുടെ ഉപയോഗം സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കുകയും താല്ക്കാലിക പ്രശ്ന പരിഹാരമാവുകയും ചെയ്തിട്ടുണ്ട്. എങ്കിൽത്തന്നെയും തള്ളിക്കളയാനാവാത്ത ഏതാനും പ്രശ്നങ്ങൾ ഇന്നും ഇതുസംബന്ധിച്ച് നലനില്ക്കുന്നുമുണ്ട് (134). ഉല്പാദന ശേഷിയുള്ള ഭൂമി ഏതാനും ചിലരുടെ കുത്തകയായി മാറുന്നു (134). എന്നാൽ പാപ്പാ ഫ്രാൻസിസ് വിലമതിക്കുന്നത് ചെറുകിട ഉൽപാദകരെയും, ഗ്രാമീണ തൊഴിലാളികളെയും ജൈവവൈവിധ്യങ്ങളുള്ള പാരിസ്ഥിതിക ശൃംഖലകളെയുമാണ്. അതിനാൽ സ്വതന്ത്രമായ രീതിയിലും, എന്നാൽ വിവിധങ്ങളായ വിഷയങ്ങളുടെ പഠനങ്ങളിലും ഊന്നിക്കൊണ്ട്, സകല അറിവും ഉൾച്ചേർത്തും അവയ്ക്ക് പ്രത്യേക പേരിട്ടും, വളരെ വിശാലവും ഉത്തരവാദിത്വ പൂർണ്ണവുമായ ശാസ്ത്രീയ, സാമൂഹ്യ സംവാദവും പഠനവും ക്രിയാത്മകമായി അതിൽനിന്നും യാഥാർത്ഥ്യമാകണമെന്നും ഉതിർക്കൊള്ളണമെന്നും പാപ്പാ ആഗ്രഹിക്കുന്നുണ്ട് (135).

### അദ്ധ്യായം നാല്

## സമഗ്രമായ ജീവിതപരിസരം

പാപ്പായുടെ പ്രബോധനത്തിന്റെ ശ്രേഷ്ഠതയും അത് ഉദ്ദേശിക്കുന്ന സമഗ്രമായ ജീവിതപരിസരവും നീതിനിഷ്ഠമായൊരു ജീവിത ചുറ്റുപാടുമാണ്. അത് ലോകത്തുള്ള മനുഷ്യന്റെ അന്യൂനതയെയും അവനും അവൾക്കും ചുറ്റുപാടുമായുള്ള ബന്ധത്തെയും മാനിക്കുന്നതുമാണ് (15). പ്രകൃതിയെ നമ്മിൽനിന്നും വേർപെട്ടു കാണുന്നതും, നാം ജീവിക്കുന്നതുമായ ചുറ്റുപാടു മാത്രമായി അംഗീകരിച്ചാൽ പോരാ (139). സമ്പദ് വ്യവസ്ഥയിലും രാഷ്ട്രീയത്തിലും ക്ലേശിക്കുന്ന സാംസ്ക്കാരിക സമൂഹങ്ങളിലും, എന്തിന് ഈ സംജ്ഞ ജീവിതത്തിന്റെ ഓരോ നിമിഷവും യാഥാർത്ഥവും പ്രസക്തവുമാണ്. അത്രത്തോളം മനുഷ്യർ ജീവിത പരിസരവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്.

പരിസ്ഥിതിയെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാടാണ് സമൂഹ്യസ്ഥാപനങ്ങളെ സജീവമാക്കുന്നത്. കാരണം പ്രപഞ്ചത്തിലെ സകലതും ബന്ധപ്പെട്ടിരിക്കുന്നതിനാൽ സ്ഥാപനങ്ങളുടെ ആരോഗ്യപരമായ അവസ്ഥ പരിസ്ഥിതിയെയും മനുഷ്യജീവിതത്തിന്റെ മേന്മയെയും നന്മയെയും ബാധിക്കും. ഐക്യദാർഢ്യത്തിന്റെയും സാമൂഹ്യസൗഹൃദത്തിന്റെയും നിഷേധം അതിനാൽ തീർച്ചയായും പരിസ്ഥിതിയെ തകർക്കും (142).

പാരിസ്ഥിതികമായ പ്രശ്നങ്ങൾ മനുഷ്യന്റെ തൊഴിൽ, കുടുംബം, ജീവിതപരിസരം, എന്നിവയുമായി ഇടപിണഞ്ഞു കിടക്കുന്ന വ്യക്തികളിൽനിന്നും വേറിട്ടു കാണാവുന്നതല്ലെന്ന പാപ്പാ ഫ്രാൻസിസിന്റെ സ്ഥിരമായ സംജ്ഞ വളരെ പച്ചയായ ഉദാഹരണങ്ങളിലൂടെ ചാക്രികലേഖനത്തിൽ

വ്യക്തമാക്കപ്പെടുന്നുണ്ട് (141). അതിനാൽ പാരിസ്ഥിതികവും സാമൂഹ്യവുമായ രണ്ടു പ്രശ്നങ്ങളല്ല നാം നേരിടുന്നത്, മറിച്ച് സങ്കീർണ്ണമായ സാമൂഹ്യ പരിസ്ഥിതിയുടെ പൊതുവായ പ്രതിസന്ധിയാണെന്നും പാപ്പാ സ്ഥാപിക്കുന്നു (139).

മനുഷ്യന്റെ പൊതുനന്മയുടെ കാഴ്ചപ്പാടിൽനിന്നും പരിസ്ഥിതിയെ മാറ്റി നിർത്താവുന്നതല്ല, സമഗ്രവും പ്രായോഗികവുമായ വിധിത്തിൽ അതിനെ വീക്ഷിക്കേണ്ടതുമാണ്. ഇന്നിന്റെ സാഹചര്യത്തിൽ മനുഷ്യാവകാശം നിഷേധിക്കപ്പെടുകയും വലിച്ചെറിയപ്പെടുകയും ചെയ്യുന്നവർ നിരവധിയാണ് (158), അതിനാൽ പൊതുനന്മയ്ക്കായ് സമർപ്പിക്കുക എന്നു പറഞ്ഞാൽ, ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും അധിഷ്ഠിതവുമായ ജീവിത തിരഞ്ഞെടുപ്പുകൾ നടത്തുന്നതും, പാവങ്ങളായ സഹോദരങ്ങളോട് പ്രത്യേക സ്നേഹവും പരിഗണനയും ഉണ്ടായിരിക്കുന്നതാണ് (158). ഭാവി തലമുറയ്ക്ക് ഉതകുന്ന സുസ്ഥിരമായൊരു ലോക നിർമ്മിതിക്കുള്ള മാർഗ്ഗവും ഇതുതന്നെയാണ്. സത്യം പ്രഘോഷിച്ചതുകൊണ്ടു മാത്രമായില്ല, നമ്മെത്തന്നെ പാവങ്ങൾക്കായി സമർപ്പിക്കുന്നതിലാണ് ജീവിതത്തിന്റെ സമഗ്രത അടങ്ങിയിരിക്കുന്നത്. പാപ്പാ ബനഡിക്ട് വ്യക്തമായ ഭാഷയിൽ ഇക്കാര്യം പറഞ്ഞുവച്ചിട്ടുണ്ട്. വിവിധ തലമുറകൾ തമ്മിലുള്ള ന്യായമായ ഐക്യാദാർഢ്യഭാവം നിലനില്ക്കാതെ, തലമുറകൾ തമ്മിലുള്ള അതിലേറെ നവമായൊരു ഐക്യദാർഢ്യത്തിന്റെ ധാർമ്മിക അനിവാര്യത ഇക്കാലഘട്ടത്തിൽ നിലനിൽക്കുന്നുണ്ട് (162).

സമഗ്രമായ പരിസ്ഥിതി സംവിധാനം അനുദിന ജീവിതത്തിന്റെ ആവശ്യമാണ്. ചാക്രിക ലേഖനം നഗര ജീവിത ചുറ്റുപാടിനും പ്രത്യേക ശ്രദ്ധ നല്കുന്നുണ്ട്. ക്രമക്കേടുകളുടെയും അനിശ്ചിതത്വത്തിൽ പരിസ്ഥിതിക പരിമിതികളുടെയും അനിശ്ചിതത്വത്തിൽ മനുഷ്യൻ വളരെ ക്രിയാത്മകമായ ഔദാര്യത്തോടും ക്ഷമയോടുകൂടെ ജീവിക്കുവാൻ പരിശ്രമിക്കുന്നുണ്ട് (148). എങ്കിൽത്തന്നെയും, പൊതുസ്ഥലങ്ങൾ, ഭവന സൗകര്യങ്ങൾ, പൊതുസ്ഥാപനങ്ങൾ പാർക്കുകൾ, ഗതാഗതം, മരാമത്ത് എന്നീ മേഖലകളിലും യഥാർത്ഥമായ വികസനത്തിന്റെ പാതയിലും ഇനിയും മനുഷ്യന്റെ ജീവിതചുറ്റുപാടുകൾ മെച്ചപ്പെടേണ്ടതുണ്ട്ട് (150-154).

പരിസ്ഥിതിയുടെ പശ്ചാത്തലത്തിൽ ലോകം ദൈവത്തിന്റെ ദാനമായി സ്വീകരിക്കുന്ന മനോഭാവത്തിന് ഏറെ പ്രസക്തിയുണ്ട്. എങ്കിൽ ഈ ലോകം നമ്മുടെ പൊതുഭവനവും ദൈവം നമ്മുടെ പിതാവുമായിത്തീരുന്നു. മറിച്ച് ലോകത്തിന്റെയും ശരീരത്തിന്റെയും പൂർണ്ണനിയന്ത്രണം നമ്മിലാണെന്നു ചിന്തിക്കുന്തോറും സൃഷ്ടിയുടെ മേൽ സ്വാർത്ഥമായ ആധിപത്യം ചുമത്താൻ നാം ഇടയാക്കുന്നു (155).

അദ്ധ്യായം അഞ്ച്

## പരിസ്ഥിതിയോടുള്ള സമീപനരീതിയും പ്രവർത്തനങ്ങളും

പരിസ്ഥിതിയുടെ മേഖലയിൽ നമുക്ക് എന്തു ചെയ്യാനാകും എന്നാണ് ഈ അദ്ധ്യായം വിവിരിക്കുന്നത്. അപഗ്രഥനങ്ങൾ മാത്രം പോരാ! സംവാദവും പ്രവൃത്തിയും യാഥാർത്ഥ്യമാകുവാൻ നമുക്ക് അന്താരാഷ്ട്ര സമൂഹത്തിന്റെ പ്രായോഗിക നയങ്ങൾക്കൊപ്പം വ്യക്തികളും ഉണർന്നു

പ്രവർത്തിക്കേണ്ടിയിരിക്കുന്നു (15). ഇന്നു ലോകത്തെ വലയംചെയ്തിരിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ആത്മവിനാശത്തിന്റെ സർപ്പിളി വലയത്തിൽനിന്നും രക്ഷനേടുവാൻ ഒരു ആഗോളവീക്ഷണം നമ്മെ സഹായിക്കും (163). ഈ മേഖലയിലെ പ്രായോഗിക നിർദ്ദേശങ്ങൾ ആശയപരമായും, ഉപരിപ്ലവമായും ലഘൂകരിക്കരുതെന്ന് പാപ്പാ ഫ്രാൻസിസ് നിഷ്ക്കർഷിക്കുന്നുണ്ട്. ഇതിന് സംവാദത്തന്റെ പാത വേണമെന്ന് പാപ്പാ ശഠിക്കുന്നത്, ചാക്രകലേഖനത്തിന്റെ അദ്ധ്യായങ്ങളിൽ

ആവർത്തിക്കപ്പെടുന്നുമുണ്ട്. പരിസ്ഥിതി പ്രശ്നങ്ങളിൽ വ്യാപകമായ ഐകരൂപ്യം ലഭിക്കാത്ത തലങ്ങളും ഉണ്ട്. അവയ്ക്ക് ഉടനെ ശാസ്ത്രീയമോ രാഷ്ട്രീയമോ ആയ പോംവഴികൾ സഭ നിർദ്ദേശിക്കുന്നില്ല. എന്നാൽ സത്യസന്ധവും സുതാര്യവുമായ സംവാദം പ്രോത്സാഹിപ്പിക്കണമെന്നും, അതുവഴി പ്രത്യേക താല്പര്യങ്ങളും ആശയങ്ങളും പൊതുനന്മയെ മറച്ചു കളയാതിരിക്കുവാനും പാപ്പാ പ്രത്യേകം പരിശ്രമിക്കുന്നുമുണ്ട് (188).

ഇതിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതികമായ അന്താരാഷ്ട്ര നീക്കങ്ങളുടെ ബലതന്ത്രത്തെ വളരെ നിശിതമായി വിമർശിക്കുവാനോ വിധിക്കുവാനോ പാപ്പാ ഭയപ്പെടുന്നില്ല. അടുത്ത കാലത്തു നടന്ന ലോകരാഷ്ട്രങ്ങളുടെ പാരിസ്ഥിതി ഉച്ചകോടിക്ക് ആഗോള പ്രസക്തിയുള്ള തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കാതെ പോയതും, കാര്യമായിട്ടൊന്നും നടപ്പിലാക്കുവാനോ പ്രാവർത്തികമാകക്കുവാനോ ശ്രദ്ധിക്കാതിരുന്നതും പാപ്പാ അനുസ്മരിക്കുന്നുണ്ട് (166). വേണ്ട നന്മ വേണ്ടപ്പോൾ ചെയ്യുവാൻ സാധിക്കാതെ തങ്ങളുടെ കഴിവുകൾ തെളിയിക്കുന്നു അല്ലെങ്കിൽ അനുസ്മരിപ്പിക്കുന്ന അധികാര കസേരയിൽ തൂങ്ങിക്കിടക്കാൻ പ്രേരിപ്പിക്കുന്ന ഭരണകർത്താക്കളെ ഓർത്ത് പാപ്പാ ഖേദം പ്രകടിപ്പിക്കുന്നുണ്ട് (57). പൊതുനന്മ ലക്ഷ്യംവച്ചുകൊണ്ടുള്ള ആഗോള ഭരണ സംവിധാനത്തിന്റെ നല്ല മാതൃകകളെക്കുറിച്ച് മുൻപാപ്പാമാരുടെ പ്രബോധനങ്ങൾ ഇവിടെ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട് (174, 175). സാമ്പത്തിക ലാഭ-നഷ്ടങ്ങളുടെ വെളിച്ചത്തിൽ ആഗോള പാരിസ്ഥിതിക സംരക്ഷണം യാഥാർത്ഥ്യമാക്കുവാൻ ആവില്ലെന്ന് പാപ്പാ ഫ്രാൻസിസ് സമർത്ഥിക്കുന്നു. കമ്പോള ക്രയവിക്രയത്തിൽ വേണ്ടുവോളം സംരക്ഷിക്കുവാനോ പരിരക്ഷിക്കുവാനോ സാധിക്കാത്ത ഒന്നാണ് പരിസ്ഥിതി എന്നും അനുസ്മരിപ്പിക്കുന്നുണ്ട് (190).

യഥാർത്ഥവും സമഗ്രവുമായ വികസനത്തിന് അനുയോജ്യമായ നയങ്ങൾ വിവേചിച്ചെടുക്കുന്നതിന് സത്യസന്ധവും സുതാര്യവുമായ തീരുമാനങ്ങൾ എടുക്കുന്ന രീതികൾ ഉണ്ടാകണമെന്ന് പാപ്പാ നിഷ്ക്കർഷിക്കുന്നു (185). നവമായ വ്യവസായ സംരംഭങ്ങളുടെയും പദ്ധതികളുടെയും പരിസ്ഥിതിയിലുള്ള പ്രത്യാഘാതങ്ങളെയും കുറിച്ച് പഠിക്കുന്നതിന് സുതാര്യമായ രാഷ്ട്രീയ സംവിധാനങ്ങളും ആനിവാര്യമാണ്. എന്നാൽ ഒളിഞ്ഞിരിക്കുന്ന പരിസ്ഥിതി വിനാശത്തിന് കാരണമാകുന്നത് സ്വതന്ത്രവും സുതാര്യവുമായ സംവേദനം ഇല്ലാത്തതും അഴിമതി നിറഞ്ഞതുമായ ഇന്നിന്റെ രാഷ്ട്രീയ ചുറ്റുപാടാണ്. രാഷ്ട്രീയ മേഖലയിൽ നടമാടുന്ന അഴിമതിയുടെ ആനുകൂല്യങ്ങൾ യഥാർത്ഥമായ പാരിസ്ഥിതിക ചുറ്റുപാടുകളെ തകർക്കുകയും ഫലവത്തായ സംവാദം ഇല്ലാതാക്കുകയും, പരസ്പരമുള്ള ധാരണ നഷ്ടമാക്കുകയും ചെയ്യുന്നുണ്ട് (182).

രാഷ്ട്രീയ സംവിധാനങ്ങളോട് ഇന്നു പൊതുവെ കാണുന്ന കാര്യക്ഷമതയുടെയും താല്ക്കാലികതയുടെയും മനഃസ്ഥിതി മാറ്റി (181), ദൈവം നല്കിയിട്ടുള്ള അന്തസ്സ് ധൈര്യപൂർവ്വം ഉപയോഗിച്ചുകൊണ്ട് നിസ്വാർത്ഥ സേനവനത്തിന്റെ സാക്ഷ്യം ലോകത്തിന് നല്കുവാൻ നേതാക്കൾ ശ്രമിക്കണമെന്നും പാപ്പാ ആവശ്യപ്പെടുന്നു (181).

### അദ്ധ്യായം ആറ്

## പാരിസ്ഥിതിക വിദ്യാഭ്യാസവും ആദ്ധ്യാത്മീകതയും

പാപ്പാ ഫ്രാൻസിസിന്റെ പ്രബോധനത്തിന്റെ അവസാനത്തെ അദ്ധ്യായം സകലരെയും ഒരു പാരിസ്ഥിതിക ഹൃദയപരിവർത്തനത്തിന് ക്ഷണിക്കുകയാണ്. ഇന്നിന്റെ സാംസ്ക്കാരിക മാന്ദ്യത്തിന്റെ വേരുകൾ ഏറെ ആഴപ്പെട്ടതാണ്. അതിനാൽ ശീലങ്ങളും പെരുമാറ്റ രീതികളും മാറ്റിയെടുക്കുക ക്ലേശകരമാണ്. അതിനാൽ ഈ മേഖലയിലുള്ള വിദ്യാഭ്യാസവും രൂപീകരണവും ഇന്നിന്റെ വെല്ലുവിളിയാണ് : പ്രചോദനം നൽകിക്കൊണ്ടും പരിസ്ഥിതിയുടെ മേഖലയിൽ വിദ്യാഭ്യാസം നല്കിക്കൊണ്ടും മാത്രമേ മാറ്റങ്ങൾ യാഥാർത്ഥ്യമാക്കുവാനാകൂ (15).

വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളും ഈ നിയോഗത്തിനായി ഉണർന്നു പരിശ്രമിക്കണം, ആദ്യമായി വിദ്യാലയം, പിന്നെ കുടുംബങ്ങൾ, മാധ്യമങ്ങൾ, മതബോധനം, അങ്ങനെ എല്ലാവരും പരിസ്ഥിതിയുടെ സംരക്ഷണത്തിനായി ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു (213).

പുതിയൊരു ജീവിതശൈലിക്കായും, പാരിസ്ഥിതികമായ ജീവിതശൈലിക്കായും പരിശ്രമിക്കുകയാണ് ആദ്യപടി (203-208). ഇത് രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യമേഖലയുടെ ചുക്കാൻ പിടിക്കുന്നവരിലും മാറ്റത്തിന്റെ ചലനങ്ങൾ സൃഷ്ടിക്കും (206). ഉപഭോക്താക്കളുടെ താല്പര്യങ്ങൾ കച്ചവടക്കാരിൽ മാറ്റങ്ങൾ വരുത്തുന്നതുപോലെ, പാരിസ്ഥിതികമായ കാൽവയ്പുകളിലും അവയുടെ ഉല്പാദന പ്രക്രിയയിലും മാറ്റങ്ങൾ വരുത്തുവാൻ അവർ നിർബന്ധിതരായിത്തീരും (206).

പാരിസ്ഥിതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അവഗണിക്കാവുന്നതല്ല. അത് പ്രവൃത്തികളെ സ്വാധിനിക്കുകയും ശീലങ്ങളെ മാറ്റി മറിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് ജല സംരക്ഷണം, പാഴ്‌വസ്തുക്കൾ തരംതിരിച്ചെടുക്കുന്ന രീതി, വൈദ്യുതിയുടെ ദുർവ്യയം കുറയ്ക്കുന്ന വിധം, ഊർജ്ജ സംരക്ഷണത്തിനുള്ള അവബോധം എന്നിവ പാരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗം തന്നെയാണ് (211). അതിക്രമത്തിന്റെയും ചൂഷണത്തിന്റെയും സ്വാർത്ഥതയുടെയും ചെയ്തികളെ ചെറുക്കുന്ന ചെറിയ പ്രവൃത്തികളിലൂടെയും പരിശ്രമത്തിലൂടെയുമാണ് സമഗ്രമായ പരിസ്ഥിതിയുടെ ലക്ഷ്യം നാം പ്രാപിക്കേണ്ടത് (230). വിശ്വാസത്തിന്റെ വെളിച്ചത്തിൽനിന്നും വഴിഞ്ഞു വീഴുന്ന ഒരാത്മീയ ദർശനത്തിൽ പരിസ്ഥിതിയുടെ വിവിധ മേഖലകളെയും നമുക്ക് ശരിയായി കൈകാര്യം ചെയ്യാനാകും. നാം ലോകത്തെ വീക്ഷിക്കുന്നത് സ്രഷ്ടാവും പിതാവുമായ ദൈവം മനസ്സാക്ഷിയിൽ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളുമായി മനുഷ്യനെ കൂട്ടിയിണക്കിയിട്ടുള്ള ആന്തരിക ഐക്യത്തിൽ പുറത്തുനിന്നുമല്ല മറിച്ച്, അകത്തുനിന്നാണ് വിശ്വാസികൾ എന്ന നിലയിൽ ലോകത്തെയും പരിസ്ഥിതിയെയും വീക്ഷിക്കേണ്ടത്. ദൈവം നല്കിയിട്ടുള്ള വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കുന്നതോടൊപ്പം തന്നെ പാരിസ്ഥിതികമായ ഒരു മാനസാന്തരവും പാരിസ്ഥിതിക രമ്യതയും കൈവരിക്കുവാനായാൽ വ്യക്തി ജീവിതത്തിൽ എന്റെ ക്രിയാത്മകതയും ഉണർവ്വും വർദ്ധിക്കുമെന്നതിൽ സംശയമില്ല (220).

സുവിശേഷ സന്തോഷം (Evangelii Gaudium) നിർദ്ദേശിക്കുന്നതുപോലെ, മിതത്വം സ്വതന്ത്രമായും മനഃസ്സാക്ഷിയിലും പാലിക്കാനായാൽ അത് ആത്മീയ സ്വാതന്ത്ര്യം പകരുന്നതായി മാറും (223). ഉദാഹരണത്തിന് യഥാർത്ഥ സന്തോഷം എന്നു പറയുന്നത് നമ്മെ ചെറുതാക്കുന്ന ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും പരിമിതപ്പെടുത്തി ജീവിതം നല്കുന്ന വിവിധങ്ങളും വ്യത്യസ്തവുമായ സാധ്യതകളിലേയ്ക്ക് തുറവുകാണിക്കുന്നതാണ് (223). അങ്ങനെ അപരന്റെ സഹായം നമുക്ക് ആവശ്യമാണെന്നും, നമുക്ക് ലോകത്തോടും സഹോദരങ്ങളോടും ഒരു കൂട്ടുത്തരവാദിത്വമുണ്ടെന്നും, മാന്യമായും അന്തസ്സോടുംകൂടെ ജീവിക്കുന്നത് നല്ലതാണെന്നുമുള്ള ഒരു ബോധ്യം പുനഃരാർജ്ജിക്കുവാൻ സാധിക്കും (229).

വിശുദ്ധർ നമുക്കു മുന്നേ ചരിച്ചവരാണ്, നമ്മുടെ കൂടെ ചരിക്കുന്നവരാണ്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പാവങ്ങളുടെ പരിചരണത്തിന്റെയും പ്രാപഞ്ചിക സമഗ്രതയുടെയും യഥാർത്ഥമായ ആന്തരിക സന്തോഷം പങ്കുവയ്ക്കുകയും അത് ജീവിച്ചു കാണിക്കുകയും ചെയ്തിട്ടുണ്ട് (10). പ്രകൃതിയോടും സഹോദരങ്ങളോടും വിശിഷ്യാ പാവങ്ങളോടു കാണിക്കേണ്ട നീതിയും, സമൂഹത്തോടുള്ള സമർപ്പണവും ആന്തരികാനന്ദവും സമാധാനവും തമ്മിൽ അഭേദ്യമായൊരു കണ്ണിയുണ്ടെന്നു കാണിച്ചുതന്ന സിദ്ധനാണ് - അസ്സീസിയിലെ ഫ്രാൻസിസ് (10). ഫ്രാൻസിസിനെ കൂടാതെ, വിശുദ്ധ ബനഡിക്ട്, ലിസ്യൂവിലെ കൊച്ചുത്രേസ്യാ, വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫൊക്കൂ എന്നിവരെക്കുറിച്ചും ചാക്രിക ലേഖനം പ്രതിപാദിക്കുന്നുണ്ട്.

അങ്ങേയ്ക്കു സ്തുതി! Laudato Si’ ചാക്രിക ലേഖനത്തിന്റെ പ്രചോദനം ഉൾക്കൊണ്ട്, എപ്പോഴും സഭ നിർദേശിക്കുന്ന ജീവിതത്തിന് വെളിച്ചമേകുകയും അതിനെ ക്രമപ്പെടുത്തുകയും ചെയ്യുന്ന ആത്മശോധനയിലൂടെ ദൈവവുമായുള്ള ബന്ധത്തിൽ ഒരു നവമാനം കണ്ടെത്താനാവട്ടെ! അതുവഴി ദൈവവുമായി മാത്രമല്ല, മനുഷ്യനോടും, തന്നോടുതന്നെയും, സൃഷ്ടിയോടും പ്രകൃതിയോടും എങ്ങനെ ഐക്യത്തിൽ ജീവിക്കാനാകുമെന്ന് ഗൗരവപൂർവ്വകമായി ധ്യാനിക്കുവാൻ നമുക്ക് സാധിക്കട്ടെ!

Translated by fr. William Nellikal, Vatican Radio Malayalam

17th June 2015